കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ/പി3/1729/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തീയതി 19.10.16

Ph.No. 04872331249

e-mail : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ .

പ്രസിഡന്റ്(സെക്രട്ടറി മുഖേന)
കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഭാഗം 3ലെ 3- ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ/പി3/1121/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തീയതി 13.07.16

Ph.No. 04872331249

e-mail: dotsr.ksad@kerala.gov.in

## തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.04.16 മുതൽ 21.09.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2015-16 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സി.വൈ. സലിം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.16 മുതൽ 28.09.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സതീശൻ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. എ.കെ.ശിവദാസൻ<br>ശ്രീ. പ്രശാന്ത്.ടി.ജി<br>ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ<br>അസി.ഓഡിറ്റ് ഓഫീസർമാർ<br>ശ്രീമതി. രമാദേവി.കെ.ആർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സോഫി തോമസ്സ് | 01.04.15 മുതൽ 30.11.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.12.15 മുതൽ 06.12.15 വരെ |
| | ശ്രീ. സി.ജെ . ആന്റോ | 07.12.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ. ലിൻസ് ഡേവിഡ്. വി | 01.04.15 മുതൽ 13.01.16 വരെ |
| | ശ്രീ. എം. പ്രിൻസ് ( ഇൻ ചാർജ്ജ്) | 14.01.16 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ബൈജു.ടി.പി | 01.04.15 മുതൽ 14.07.15 വരെ |
| | സത്യവർമ്മ | 15.07.15 മുതൽ 21.01.16 വരെ |
| | ബേബി റാഫേൽ. എൻ.വി | 22.01.16 മുതൽ 31.03.16 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. സിബി.എ.പി | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.ലത.എ.എസ് | 01.04.15 മുതൽ 19.06.15വരെ |
| | ഡോ. ചിന്ത.കെ.പി | 20.06.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ. പ്രശാന്ത്. എ.എസ് | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഹേന ജോയ് | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ. കൈപ്പമംഗലം | സുമിത ബേബി | 01.04.15മുതൽ 16.07.15 വരെ |
| | ബൈജു. വി.ജെ | 17.07.15 മുതൽ 19.07.15 വരെ |
| | രേഖ.എം.ആർ | 20.07.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ. പേരാമംഗലം | ബിന്ദു.കെ.കെ | 25.09.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീകല. കെ | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. സീന ജോസ് പല്ലൻ | 01.04.15 മുതൽ 10.9.15 വരെ |
| | ടെസ്സി കെ കുരുവിള | 11.09.15 മുതൽ 31.03.16 വരെ |
| പ്രധാന അദ്ധ്യാപിക | ഡെയ്സി സി.എൽ | 10.06.15 മുതൽ 11.01.16 വരെ |
| | ലിസി. ടി.ടി | 1.04.15 മുതൽ 09.06.15 വരെ<br>12.01.16 മുതൽ 31.03.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നന്ദിനി ടി | 01.04.15 മുതൽ 11.08.15 വരെ |
| | സുഷമ.സി.വി | 12.08.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പി.സുഷമ | 01.014.15 മുതൽ 10.09.15 വരെ |
| | ടി.എം.പ്രിൻസ് | 11.09.15 മുതൽ 31.04.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-1 |
| 13 | ലേലംകൊണ്ട വ്യക്തിയുമായി എഗ്രിമെൻറ് വച്ചിട്ടില്ല | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-3 |
| ഭാഗം 3 | | |
| 15 | പഞ്ചായത്ത് ഗ്രൗണ്ട് വികസനം, പദ്ധതി എഗ്രിമെൻറ് സമയം കഴിഞ്ഞും നീണ്ടു പോകുന്നു. | 3-1 |
| 16 | പഞ്ചായത്ത് ഓഫീസിൽ വാങ്ങിയ ജനറേറ്ററിന്റെ സർവ്വീസ് മാന്വൽ പ്രകാരമുള്ള സർവ്വീസുകൾ ഉപയോഗപ്പെടുത്തുന്നില്ല. | 3-2 |

| | | |
|---|---|---|
| 17 | ഇ.എം.എസ്. ഭവനനിർമ്മാണപദ്ധതി- ധനസഹായം നൽകിയത് പുന:പരിശോധിക്കേണ്ടതാണ്. | 3-3 |
| 18 | ഉറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (എസ്.സി) പദ്ധതി- ജാതി സർട്ടിഫക്കറ്റില്ലാതെ ആനുകൂല്യം നൽകി | 3-4 |
| 19 | മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-5 |
| 20 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി | 3-6 |
| 21 | എഗ്രിമെൻറ് കാലാവധി കഴിഞ്ഞിട്ടും തുടരുന്ന പ്രവർത്തികൾക്ക് നിയമാനുസൃതം പിഴ ഈടാക്കുന്നില്ല. | 3-7 |
| 22 | മരാമത്ത് പ്രവൃത്തികൾ -- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-8 |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല | 3-9 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 29 | ഓഡിറ്റ് റിക്കവറി | 4.6 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 32 | അനുബന്ധം -1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 163505900/- രൂപയും ചെലവ് 163972600/- രൂപയുമാണ്. 23.03.16 ലെ 2(1)ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരം വരവ് 141708116/- രൂപയും ചെലവ് 145476332/- രൂപയുമാണ്. ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ യഥാക്രമം വരവു ചെലവു കണക്കുകളുമായി വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടുംവിധം ഭാവിയിൽ ബജറ്റുകൾ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/16 | 30.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 21261694

വരവ് – 51822870

ആകെ - 73084564

ചെലവ് – 57604524

നീക്കിയിരിപ്പ്- 15480040

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3347798 | 8375271 | 11723069 | 11723069 | 0 | 100 | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 5799632/-രൂപ കൂടി ഉൾപ്പെട്ട താണ് വരവ് തുക ട്രാൻസ്ഫർ ക്രെഡിറ്റ് 833193/-രൂപ |
| വികസനഫണ്ട് എസ്.സി.പി. | 1657087 | 1697313 | 3354400 | 3354400 | 0 | 100 | |
| വികസനഫണ്ട് ടി.എസ്.പി. | - | 33000 | 33000 | 33000 | 0 | 100 | |
| സംരക്ഷണഗ്രാന്റ് റോഡ് | 240309 | 6482834 | 6728143 | 6728143 | 0 | 100 | നോൺ റോഡിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 263216/-രൂപ കൂടി ഉൾപ്പെട്ട താണ് വരവ് |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1226891 | 2505741 | 3732632 | 3732632 | 0 | 100 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 894327 | 5391142 | 6285469 | 6285469 | 0 | 100 | 1972778/-രൂപ VPFA-II(a) transfer Credit ചെയ്തു |
| പെർഫോമൻസ് ഗ്രാന്റ് | 2783000 | 2783000 | 5566000 | 5566000 | 0 | 100 | O.B 2783000/-രൂപ VPFA-II(a) ലേക്ക് transfer Credit ചെയ്തു |

| | | | | | | | |
|---|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 7079051 | 7079051 | 7078800 | 251 | | |
| ബി ഫണ്ട് | 0 | 32943039 | 32943039 | 32943039 | 0 | 100 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4996566 | 8387616 | 13384182 | 10983839 | 2400343 | | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 65743472 | 132 | 39398719 | 26 | 8 | 79.52% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.11 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8998401 | 6688903 | (-) 2309498 | (-) 25.67 % |
| നികുതിയേതര വരവുകൾ | 1350330 | 1375616 | 25286 | (+) 1.87% |
| മറ്റുവരവുകൾ | 534804 | 739614 | 204810 | (+)38.30% |
| ആകെ | 10883535 | 8804133 | (-)2079402 | (-)19.11% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 221040 | 135 |
| കർഷകതൊഴിലാളി പെൻഷൻ | 4609260 | 547 |
| വിധവാപെൻഷൻ | 12617400 | 1240 |
| വാർദ്ധക്യകാലപെൻഷൻ | 10122690 | 1407 |
| വികലാംഗപെൻഷൻ | 3014850 | 279 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1963600 | 199 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.9.16 തിയതിയിൽ 3.25 പി.എം. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17283 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഉക ക്യാഷ് ബുക്ക് , ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

1) ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം സൂക്ഷിക്കുന്നുണ്ട്. കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3) അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.
4) കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.08.16 | ജൂലൈ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2003 | 2002-03 | 20.11.03 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1.2015-16 ൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ലൈസൻസ്ഡ് ബിൽഡിങ്ങ് സൂപ്പർവൈസർമാർ, എഞ്ചിനിയർമാരിൽ നിന്നും തൊഴില് നികുതി ഈടാക്കേണ്ടതാണ്.

2.ഈ കാലയളവിൽ പഞ്ചായത്തിൻറെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി പ്രതിഫലം കൈപറ്റിയിട്ടുള്ള കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കോൺട്രാക്ടർമാരുടെ പേര് |
|---|---|
| 1 | ഇ .ആർ. രമേഷ് |
| 2 | എം. സുബിൻ |
| 3 | എ. ആർ. മുരളീധരൻ |
| 4 | പി. ഓ .ബൈജു |
| 5 | അനിരുദ്ധൻ. ടി .വി |
| 6 | അഖിൽ. ടി .എ |
| 7 | ഇ .കെ .സത്യജിത്ത് |
| 8 | സിജോ ജോൺ |
| 9 | ഇ. ജി. സുരേഷ് |
| 10 | എം. ജോജിൻ |
| 11 | പ്രദീപൻ . എം . എസ് |
| 12 | വി. പി . മണികണ്ഠൻ |
| 13 | വി .വി . രഘു |
| 14 | ടി . സി . റ്റിമോത്തി |
| 15 | അരുൺ ലാൽ |
| 16 | വിൻസെൻറ് .പി . സി |
| 17 | അബ്ദുൾ ഖാദർ. എ . വി |
| 18 | സുനിൽ കുമാർ .വി. കെ |
| 19 | ഓ . കെ . സാബു |
| 20 | നിതിൻ. വി. ആർ |
| 21 | ബിജു ടോം |
| 22 | ബേബി എ ഡി |

3.ഡി & ഓ ലൈസൻസ് അപേക്ഷ അനുസരിച്ച് ഒന്നിലധികം ജോലിക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.ചില ഉദാരഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമ | ജോലിക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | സിൻകാ ഫാർമാ ലാബ്സ് | വിജയശ്രീ വാസുദേവൻ പണിക്കർ | 17 | - |
| 2 | ചേന്ദനാട്ടു ബ്രിക്ക്സ് &ടൈൽസ് | രാജേഷ് സി. എസ് | 6 | |
| 3 | വിശാഖം ഇൻഡസ്ട്രീസ് | കിഷോർ. പി .എ | 5 | |
| 4 | പി എസ് എൻ ഇൻഡസ്ട്രീസ് | പി. കെ . സംഗമേശ്വരൻ | 5 | |

## 2-2 ലേലം കൊണ്ട വ്യക്തിയുമായി എഗ്രിമെൻറ് വച്ചിട്ടില്ല

2015ം -16ൽ പഞ്ചായത്തിന്റെ വിവിധ വസ്തു വകകൾ ലേലം ചെയ്തതിൽ മൈലാംകുളത്തിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ശ്രീ അനീഷ് എന്നയാളുടെ പേരിൽ 2850 രൂപയ്ക്ക് ലേലത്തിലൂടെ നല്കിയിരുന്നു. ലേലം കൊണ്ട വ്യക്തിയുമായി എഗ്രിമെൻറ് വച്ചിട്ടില്ല . നിയമാനസൃത നിരക്കിലുള്ള മുദ്രപത്രത്തിൽ എഗ്രിമെൻറ് വച്ച് ലേലം ആധികാരികമാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

2015-16 ൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുടെ വിവരം

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വസ്തു നികുതി | കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|
| 5/149 | ജോസഫ്& ലില്ലി ചിറ്റിലപ്പള്ളി | 3900 | 2013-14 മുതൽ കുടിശ്ശിക |
| 5/265 | ഭാരതി സെല്ലുലാർ | 11700 | 2013-14 മുതൽ കുടിശ്ശിക |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഗ്രൗണ്ട് വികസനം, പദ്ധതി എഗ്രിമെൻറ് സമയം കഴിഞ്ഞും നീണ്ടു പോകുന്നു.

ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, കേന്ദ്രാവിഷ്കൃത പരിപാടി എന്നിവ ഉപയോഗിച്ച് കൈപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ ഗ്രൗണ്ട് വികസിപ്പിക്കുന്നതിനായി 6760000/- രൂപ എസ്റ്റിമേറ്റിൽ നമ്പർ 58-2014-15 തിയ്യതി 20-10-14 പ്രകാരം തൃശ്ശൂർ നിർമ്മിതി കേന്ദ്രവുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. ഒരു വർഷമായിരുന്നു കാലാവധി. എന്നാൽ നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല. ഗ്രൗണ്ട് ലവലിംഗ്, ബാസ്കറ്റ് ബോൾ ഗ്രൗണ്ട്, വോളിബോൾ ഗ്രൗണ്ട്,ലോംഗ്ജംപ് പിറ്റ്, ഫുട്ബോൾ ഗ്രൗണ്ട്, വെയിറ്റിംഗ് ഷെഡ്, ട്രാക്ക് , ബോർവെൽ എന്നിവയായിരുന്നു പ്രധാന പ്രവൃത്തികൾ. നിർമ്മിതിയുമായി സപ്ലിമെന്ററി എഗ്രിമെൻറ് ഒപ്പു വെച്ചതായും കണ്ടില്ല. 10-09-2015 ൽ നിർമ്മിതി അയച്ച കത്തു പ്രകാരം 4158020 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും നാൽപത് ലക്ഷം രൂപ തൻവർഷം ലഭിച്ചതായും കാണുന്നു. പ്രവൃത്തി നീണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 3/24.09.2010) നിർമ്മിതി കേന്ദ്രത്തിന്റേതുൾപ്പടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി പ്രകാരം പദ്ധതി പ്രകാരം ലക്ഷ്യമിട്ടതിൽ ഗ്രൗണ്ടിന് ചുറ്റുമുള്ള ട്രാക്കിന്റെ പണി മാത്രമേ ഇനി പൂർത്തിയാക്കാനുള്ളതായി നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുള്ളൂ. പക്ഷേ സ്ഥല പരിശോധനയിൽ വോളിബോൾ ഗ്രൗണ്ട് നാശാവസ്ഥയിലായി കാണാൻ കഴിഞ്ഞു. മൊത്തം ഗ്രൗണ്ടിൽ തന്നെ വെള്ളക്കെട്ടിനുള്ള സാധ്യതയും നിലനിൽക്കുന്നു. സപ്ലിമെന്ററി എഗ്രിമെൻറ് വെക്കേണ്ടതും പഞ്ചായത്തിന്റെ തന്നെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-2 പഞ്ചായത്ത് ഓഫീസിൽ വാങ്ങിയ ജനറേറ്ററിന്റെ സർവ്വീസ് മാന്വൽ പ്രകാരമുള്ള സർവ്വീസുകൾ ഉപയോഗപ്പെടുത്തുന്നില്ല.

പഞ്ചായത്ത് ഓഫീസിൽ പ്രോജക്റ്റ് 39/16 നമ്പറായി 514709/- രൂപ ചെലവിട്ട് ജനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ തിയ്യതി എം ബുക്ക് പ്രകാരം 17-11-2015 ആണ്. ജനറേറ്ററിന് എസ്കോർട്ട് എഞ്ചിനാണ് ഉപയോഗിച്ചിട്ടുള്ളത്. എഞ്ചിൻ സർവ്വീസ് മാന്വൽ പേജ് പതിനഞ്ചിൽ അതിന്റെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതു വരെ സർവ്വീസ്, ഫ്രീ സർവ്വീസ് ഉൾപ്പെടെ ഒന്നും നടത്തിയതായി കാണുന്നില്ല. മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ഉപയോഗപ്പെടുത്താത്ത ഉപകരണങ്ങൾക്ക് വാറന്റി ലഭിക്കുകയില്ല.25kva ഗ്രീവ്സ് ജനറേറ്ററിനും എഞ്ചിനും മാത്രമായി 438251/- രൂപ ചെലവിട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നം.11/27.09.16) ആദ്യ സർവ്വീസ് നടത്തിയത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സർവ്വീസ് നടത്തി വിവരങ്ങൾ ആധികാരികമാക്കുന്നതിനുള്ള മടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഇ.എം.എസ്. ഭവനനിർമ്മാണപദ്ധതി- ധനസഹായം നൽകിയത് പുന:പരിശോധിക്കേണ്ടതാണ്.

ഇ.എം.എസ്.ഭവനപദ്ധതി പ്രകാരം കരാർ രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം, പൂർത്തീകരിക്കാത്തതിനുള്ള കാരണം, ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ ജി1.-1139/2009 നമ്പർ കത്തിൻമേൽ വി.ഇ.ഒ സെക്രട്ടറിക്ക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 7 ഗുണഭോക്താക്കൾ അനുവദനീയമായതിലും കൂടുതൽ വിസ്തീർണ്ണമുള്ള (66 sq.m) ഭവനങ്ങൾ നിർമ്മിച്ചതായി പറയുന്നുണ്ട്. ഗുണഭോക്താക്കളുടേയും കൈപ്പറ്റിയ തുകയുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ദേവകി പരമേശ്വരൻ, വട്ടംപറമ്പിൽ | 112500/- |
| 2 | ഔസേപ്പ്.കെ.ടി, കൊള്ളന്നൂർ | 67500/- |
| 3 | പുഷ്പാകരൻ കീരിയാട്ടിൽ | 52500/- |
| 4 | സന്ധ്യ അശോകൻ | 52500/- |

| | | |
|---|---|---|
| 5 | സുരേഷ് ബാബു എടത്തറ | 52500/- |
| 6 | രാധ പുഷ്കരൻ വടക്കേപുരക്കൽ | 52500/- |
| 7 | കാർത്ത്യായനി അമ്മ വിളക്കത്തറ | 52500/- |

സ.ഉ.(കൈ) നം. 110/16/തസ്വഭവ തി. 06.08.16 പ്രകാരം 31.03.2016 വരെ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ വീടുകൾ അനുവദനീയമായ 66m$^2$ ൽ 25% അധികരിച്ചാലും ധനസഹായം നൽകാവുന്നതാണ്. ആയതിനാൽ ആകെ 82.5 sq.m വരെ (66 +16.5) വിസ്തീർണ്ണമുള്ള വീടുകൾക്ക് ധനസഹായം അനുവദിക്കാവുന്നതാണ്. ഇക്കാര്യം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/26.09.16) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ക്രമനമ്പർ 1 & 2 ലെ ഗുണഭോക്താക്കളുടെ വീടുകളുടെ വിസ്തീർണ്ണം 90m$^2$ ആണെന്ന് പരാമർശിച്ചിട്ടുണ്ട്. മേൽപറഞ്ഞ ഗുണഭോക്താക്കളുടെ വീടുകളുടെ വിസ്തീർണ്ണം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ അളന്നു തിട്ടപ്പെടുത്തി ധനസഹായത്തിന് അർഹരല്ലെന്ന് കണ്ടാൽ ഇവർക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (എസ്.സി) പദ്ധതി- ജാതി സർട്ടിഫക്കറ്റില്ലാതെ ആനുകൂല്യം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (എസ്.സി) എന്ന പദ്ധതിയിൽ (പ്രൊജക്ട് നമ്പർ- S0165/16) താഴെപറയുന്ന ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ - 8/15-16, തുക- 40,000/-). എന്നാൽ ടിയാളുകൾ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണെന്നതിന് രേഖ സൂക്ഷിച്ചിട്ടില്ല.

1) രാമു, s/o അയ്യപ്പൻ, കൊട്ടാരത്തിൽ

2) വേലായുധൻ സി.ടി. , ചീരക്കുഴി

3) ദേവകി ഭരതൻ, മുതുവന്നൂർ

4) ലീല വേലായുധൻ, പുളിക്കൽ

5) ശാന്ത കൃഷ്ണൻകുട്ടി, മുതുവന്നൂർ

ജാതിസർട്ടിഫിക്കറ്റില്ലാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി ശരിയല്ല. ആയതിനാൽ, മേൽപറഞ്ഞ 5 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി ചെലവഴിച്ച 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതിയിൽ (S0017/16) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് 1,00,000/- രൂപ ആലപ്പുഴ ഹോംകോയിലേക്ക് ഡി.ഡി നമ്പർ 117325 തിയ്യതി 30.12.2015 പ്രകാരം നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ 1/15-16 തി. 30.12.2015). എന്നാൽ നാളിതുവരെയും ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല. ഹോകോയുമായി കരാർ ചമച്ചതായും കാണുന്നില്ല. കരാർ ചമക്കാതെ തുക നല്കിയത് ശരിയായ നടപടിയല്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "മുണ്ടൂർ പി.എച്ച്.സി.യിലേക്ക് ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ" എന്ന പദ്ധതിയിൽ (S0178/16) തനത് ഫണ്ട് 25,000/- രൂപ ചെലവഴിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മുളങ്കുന്നത്തുകാവിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ, പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ തി. 16.11.13, അനുബന്ധം 1, ഖണ്ഡിക 7 ൽ നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ട ഡി.എം.ഒ വിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിനു ശേഷമല്ല പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

പാലിക്കേണ്ടതാണ്.

## 3-7 എഗ്രിമെൻറ് കാലാവധി കഴിഞ്ഞിട്ടും തുടരുന്ന പ്രവൃത്തികൾക്ക് നിയമാനുസൃതം പിഴ ഈടാക്കുന്നില്ല.

എഗ്രിമെന്റ് നമ്പർ 69/14-15/AE/LSGD/KGP DT.18.03.2015 പ്രകാരം വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി കരാർ ഒപ്പുവെച്ചിട്ടുള്ളതാണ്. 586442 രൂപയായിരുന്ന പദ്ധതി അടങ്കൽ. പണി ആരംഭിച്ചത് 18-03-2015 തിയ്യതിയിലും, കാലാവധി ആറുമാസവുമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 16-03-2016 തിയ്യതിയിൽ മാത്രമാണ്. ഈ പ്രവൃത്തിയിൽ കരാറിലെ ഖണ്ഡിക ഏഴിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കാലാവധിക്കുള്ളിൽ പ്രവൃത്തി നീണ്ടുപോകാനിടയായതിനെ സാധൂകരിക്കുന്ന തരത്തിൽ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ പ്രകാരം ഭരണസമിതി തീരുമാനം ഉണ്ടാകുകയോ ചെയ്തിട്ടില്ല.
സമാനമായി മുക്കിലക്കുളം പുനരുദ്ധാരണം എന്ന പ്രവൃത്തിയിലും 23-02-2016 തിയ്യതിയിൽ 55/5-16/AE/LSGD/ KGP/ 23-02-2016 എഗ്രിമെന്റ് പ്രകാരം സൈറ്റ് കൈമാറിയിട്ടുണ്ട്. 230000/-രൂപയായിരുന്ന പദ്ധതിയുടെ അടങ്കൽ തുക. ഈ പ്രവൃത്തിയുടെ കാലാവധി രണ്ട് മാസമാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. മേൽപറഞ്ഞ കാലാവധിക്കുള്ളിൽ പ്രവൃത്തി നീണ്ടു പോയതിന് ആരും സാധൂകരണം നൽകുകയോ, 17.04.99ലെ സ.ഉ.(പി)64/99/പി.ഡബ്ലിയു.ഡി ഉത്തരവ് പ്രകാരമുള്ള കാലാവധിക്കുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവൃത്തികൾ നീണ്ടുപോകാനിടയാകുന്ന സംഭവങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ -- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. സർക്കാർ ഉത്തരവ് ജി.ഒ (പി) 177/2006 ധനം തീയതി 12-04-16 ഖണ്ഡിക 18 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായി അസിസ്റ്റന്റ് എഞ്ചിനീയർ TR -7A ക്യാഷ് ബുക്ക് ഉപയോഗിച്ചിട്ടില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ 2015-16 വർഷത്തെ പല പ്രവൃത്തികളുടേയും പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രോജക്റ്റ് നമ്പർ രേഖപ്പെടുത്തുന്നില്ല.

4. വർക്ക് ഓർഡറിൽ തീയതി, കരാറുകാരന്റെ പേര്, മറ്റു വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ - 94/16 : പുത്തൂർ ആലൂർ റോഡ് റീടാറിംഗ്

" 92/16 : കുപ്പാടി റോഡ് റീടാറിംഗ്

" 93/16 : നേതാജി റോഡ് റീടാറിംഗ്

" 106/16 : പെരിങ്ങന്നൂർ ഫസ്റ്റ് റീച്ച് റീടാറിംഗ്

" 105/16 : മുല്ലക്കൽ പേരാതൃക്കാവ് റോഡ്റീടാറിംഗ്.

" 171/16 : മുക്കിലക്കുളം റോഡ് റീടാറിംഗ്

" 156/16 : മൈലക്കുളം സൽസബീൽ റോഡ്റീടാറിംഗ്.

" 172/15 : എലവൻമൂല അണ്ടപറമ്പ് അമ്പലം റോഡ് റീടാറിംഗ്.

" 175/15 : കനാൽ ബണ്ട് വടക്കൻ SC കോളനി റീടാറിംഗ്.

5. സൈറ്റ് ഹാന്റ് ഓവർ ചെയ്തുകൊണ്ടുള്ള രേഖയിൽ പ്രവൃത്തിയുടെപേര്, അടങ്കൽ തുക, കരാറുകാരന്റെ പേര്, കരാർ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ 171/16 : മുക്കിലക്കുളം റോഡ് റീടാറിംഗ്.

" 93/16 : നേതാജി റോഡ് റീടാറിംഗ്.

" 156/15 : മൈലക്കുളം സൽസബീൽ റോഡ് റീടാറിംഗ്.

" 172/15 : എലവൻമൂല അണ്ടപറമ്പ് അമ്പലം റോഡ് റീടാറിംഗ്.

“ 175/15 : കനാൽ ബണ്ട് വടക്കൻ SCകോളനി റോഡ് റീടാറിംഗ്.

“ 84/15 : ഓട്ടു കമ്പനി റോഡ് റീടാറിംഗ്

6. 2015-16 ലെ മരാമത്ത് ബില്ലുകളിൽ പലതിലും പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് വെച്ചിട്ടില്ല,

7. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകൾ പല മരാമത്തു ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

8. അളവു പുസ്തകത്തിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല.

M. B. No.54/15-16 (പഞ്ചായത്ത് ഗ്രൗണ്ട് റോഡ് സബ് ലൈൻ ബേസ് മെറ്റലിംഗ് ഗ്രേഡ് 3യും ടാറിംഗും)

ഫയലുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-9 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല- സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിനു വേണ്ടി മുണ്ടൂർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിലുള്ള 40510 അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ( വിശദാംശങ്ങൾ ഭാഗം 4 ൽ 4-1 ആയി ചേർത്തിട്ടുണ്ട്) ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകകളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 265100/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 2479000/-രൂപയും നീക്കിയിരിപ്പുണ്ട്. ( ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം) ജി ഒ (പി) 419/15 തിയതി. 19.9.15 പ്രകാരം മേൽ തുകകൾ വി.പി.എഫ്.എ II (a) ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം ജി.ഒ (പി) 187/15 തിയ്യതി 19.05.15 ലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തേണ്ടതുമായിരുന്നു. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച് ബാങ്കിൽ നിക്ഷേപിച്ച തുകകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 4000000 | പഞ്ചായത്ത് ഗ്രൗണ്ട് വികസനം | 1696000 | 2304000 |
| ജില്ലാ പഞ്ചായത്ത് | 2008-09 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആശ്രയ പദ്ധതി | 100000 | 100000 |
| ജില്ല പഞ്ചായത്ത് | 2008-09 | 75000 | EMS ഭവന നിർമ്മാണം ജില്ല പഞ്ചായത്ത് വിഹിതം | 75000 | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 137100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ജനറൽ) | 124200 | 12900 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 25000 | " " ( SCP) | 22800 | 2200 |
| ബ്ലോക്ക് പഞ്ചായത്ത് | 2012-13 | 250000 | പ്രകൃതി സൗഹൃദ ക്യാരി ബാഗ് നിർമ്മാണം | -- | 250000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്ന

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് തൃശ്ശൂർ | പുത്തൂർ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി റിപ്പയർ | 21500546/16.9.15 | 400000 | 400000 | 0 |
| ഭൂജലവകുപ്പ് തൃശ്ശൂർ | കുരിയാൽ കുടിവെള്ള പദ്ധതി | 21500544/ 16.9.15 | 451200 | 451200 | 0 |
| ഭൂജലവകുപ്പ് തൃശ്ശൂർ | കുരിയാൽ കുടിവെള്ള പദ്ധതി | 21500545/ 16.9.15 | 166952 | 166952 | 0 |
| ഭൂജലവകുപ്പ് തൃശ്ശൂർ | മനപ്പടി കുടിവെള്ള പദ്ധതി | 21500547/ 16.9.15 | 400000 | 400000 | 0 |
| കെ.എസ്.ഇ.ബി, മുണ്ടൂർ | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21200448/ 23.1.13 | 575000 | 0 | 575000 |
| കെ.എസ്.ഇ.ബി, മുണ്ടൂർ | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21200449/ 23.1.13 | 30000 | 0 | 30000 |
| കെ.എസ്.ഇ.ബി, മുണ്ടൂർ | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21200580/ 12.2.13 | 160940 | 0 | 160940 |
| ക്രൂസ് കാസർകോഡ് | സിംഗിൾ ട്യൂബ് സ്ഥാപിക്കൽ | 21500549/ 16.9.15 | 109900 | 109900 | 0 |
| ക്രൂസ് കാസർകോഡ് | സിംഗിൾ ട്യൂബ് സ്ഥാപിക്കൽ | 21500543/ 16.9.15 | 202940 | 201202 | 1738 |

| | | | | | |
|---|---|---|---|---|---|
| നിർമ്മിതി കേന്ദ്രം | പഞ്ചായത്ത് ഗ്രൗണ്ട് വികസനം | 21501262/ 29.2.16 | 1696000 | 0 | 1696000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7500/- രൂപ വരവുണ്ട്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 885/10 /ത.സ്വ.ഭ.വവ തി. 16.3.10 | 9800000 | 2325571+ 7500 ( തൻ വർഷം വരവ്) | 725000 | 68731 | 1608071 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| നിക്ഷേപത്തിന്റെ വിവരം / രശീതി നം | ഇല്ല |

| | |
|---|---|
| സ്ഥിരനിക്ഷേപം | |
| ആകെ | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16796/-രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 2.2 | 200 | ടി.ഡി.സെബാസ്റ്റ്യൻ,തരകൻ വീട് | 11503102636/23.9.15 |
| 2007-08 | 2.2 | 100 | മോഹനൻ ,പുത്തൻവീട്ടിൽ | 11503102650/23.9.16 |
| 2007-08 | 2.1.1 | 1250 | മാവേലി സ്റ്റോർ,<br>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 11503103428/17.10.15 |
| 2007-08 | 2.1.1 | 1250 | മാവേലി സ്റ്റോർ<br>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 11503103429/17.10.15 |
| 2013-14 | 2.3.2 | 3870 | പ്രൊപ്പറൈറ്റർ ക്വാളിറ്റി പ്രിന്റേഴ്സ് | 11503104299/22.12.15 |
| 2013-14 | 2.3.2 | 2310 | പ്രൊപ്പറൈറ്റർ ക്വാളിറ്റി പ്രിന്റേഴ്സ് | 11503104301/22.12.15 |
| 2011-12 | 2.3 | 2500 | മാനേജർ, നെപ്ട്യൂൺ റെഡിമിക്സ്, വേളക്കോട് , മുണ്ടൂർ | 11503104001/2.12.15 |
| 2012-13 | 2.3 | 2500 | മാനേജർ, ബ്രദേഴ്സ് ഫിനാൻസ് | 1150310414/8.12.15 |
| 2011-12 | 3.2 | 640 | ഗ്രേസി.എ.വി | 11503104611/14.1.16 |
| 2011-12 | 3.4 | 2176 | കൃഷി ഓഫീസർ, കൃഷി ഭവൻ | 11503104769/25.1.16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51822870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57604524 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 25000 | ടി.എം. പ്രിൻസ് , അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 25000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80,80-81,81-82,82-83, 83-84, 84-85, 85-86, 87-88, 88-89, 89-90, 90-91, 91-92 | എൽ. എഫ്.ടി.എസ്.2-927/11/.28.10.11/05.01.12 | |
| 1992-93, 1993-94 | എൽ .എഫ്.ടി.9-866/95/16/10/96 | |
| 1994-95, 1995-96 | എൽ . എഫ്.ടി.9-26/98/03.04.98 | |
| 1996-97 | എൽ . .എഫ്.ടി.9/367/98/06.10.98 | |
| 1997-98 | എൽ . എഫ്.ടി.9 -1460/1/ 98/22.07.99 | |
| 1998-99 | എൽ . എഫ്.ടി.21-1229/2000/ 24.10.2000 | |
| 1999-2000 | എൽ.എഫ്.ടി.12-1348/02/23.01.03 | |

| | | |
|---|---|---|
| 2000-01,01-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.12-1584/03/11.03.04 | |
| 2001-02 | എൽ.എഫ്.ടി.12-1535/07/22.09.08 | |
| 2002-03 | എൽ.എഫ്.ടി.12-1533/07/22.09.08 | |
| 2003-04 | എൽ.എഫ്.ടി.12-1532//07/ 22.09.08 | |
| 2004-05 | എൽ.എഫ്.ടി-12/09/06.04.10/10.05.10 | |
| 2005-06 | എൽ.എഫ്.ടി.12/1379/09/20.07.10 | |
| 2006-07 | എൽ.എഫ്.ടി.12-1380/09/20.07.10 | |
| 2007-08 | എൽ.എഫ്.ടി.(പി3) 1617/11/ 21.12.11 | |
| 2008-09 | എൽ.എഫ്.ടി.(പി3)-1615/11/ 21.12.11/03.04.12 | |
| 2009-10,2010-11 | എൽ.എഫ്.ടി.പി3-1347/12/ 22.11.12/08.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി3)-2077/13/ 14.03.14/03.06.14 | |
| 2012-13 | എൽ.എഫ്.ടി.(പി3) 1231/14/ 01.12.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി3)699/15 /28.09.15/15.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)713/16/26.05.16 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3 ) 1729 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 19.10.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P3)1729/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 19.10.16

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kaiparambu Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kaiparambu Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,Thrissur.